പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2724 — 19.07.2011 ൽ മറുപടി

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ : | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പെട്രോൾ,ഡീസൽ, പാചക വാതകം, മണ്ണെണ്ണ എന്നിവയുടെ വില എത്ര തവണ കേന്ദ്ര ഗവൺമെന്റ് കൂട്ടുകയുണ്ടായി; ഓരോ തവണയും കൂടിയ നിരക്ക് എത്രയായിരുന്നു ; വിശദമാക്കുമോ ; | (എ) & (ബി) 26-06-2010 മുതലാണ് കേന്ദ്ര സർക്കാർ പെട്രോൾ വില നിയന്ത്രണം എണ്ണക്കമ്പനികൾക്ക് കൈമാറിയത്. അതിനുശേഷം എണ്ണക്കമ്പനികൾ അനേകം തവണ പെട്രോൾ വിലയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. അവസാനമായി 2011 മേയ് 14 നാണ് എണ്ണക്കമ്പനികൾ പെട്രോളിന്റെ വില ലിറ്ററിന് 5 രൂപയായി വർദ്ധിപ്പിച്ചത്.<br>18-5-2011 ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസർക്കാർ 25-6-2011 മുതലാണ് ഡീസലിനും, പാചകവാതകത്തിനും മണ്ണെണ്ണയ്ക്കും വില വർദ്ധിപ്പിച്ചത്. ഇതുമൂലം ഡീസലിന് 3 രൂപയും മണ്ണെണ്ണയ്ക്ക് ലിറ്ററിന് 2 രൂപയും പാചക വാതകത്തിന് സിലിണ്ടറിന് 50/- രൂപയും വർദ്ധിച്ചു. |
| (ബി) ഏറ്റവും ഒടുവിലത്തെ വില വർദ്ധനവ്, ഏത് തീയതിയിലാണ് നിലവിൽ വന്നത് ; | |

| | |
|---|---|
| (സി) ഇതിന്റെ ഫലമായി (സി) സംസ്ഥാന സർക്കാരിനുണ്ടാകുന്ന അധിക നികുതി വേണ്ടെന്ന് വച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവുമൂലമുണ്ടാകുന്ന അധിക റവന്യൂ വരുമാനം വേണ്ടെന്നു വയ്ക്കുകയുണ്ടായി. പെട്രോൾ വില വർദ്ധനവു മൂലം സർക്കാരിന് ഒരു മാസം കിട്ടാവുന്ന അധിക റവന്യൂ വരുമാനമായ 11 കോടി രൂപയും, ഡീസലിൽ നിന്നു ഒരു മാസം കിട്ടാവുന്ന 13.07 കോടി രൂപയും വേണ്ടെന്നു വയ്ക്കുകയും, പെട്രോളിന്റെ നികുതി നിരക്ക് 29.01% നിന്ന് 26.64% വും ഡീസലിന്റേത് 24.69% നിന്ന് 22.60% വുമായി കുറയ്ക്കുകയും ചെയ്തു.<br>ഗാർഹികോപയോഗത്തിനുള്ള പാചക വാതകം, പി.ഡി.എസ്. മണ്ണെണ്ണ എന്നിവയ്ക്ക് കുറഞ്ഞ വാറ്റ് നിരക്കായ 4% നികുതിയാണ് നിലവിലുള്ളത്. അത് അഖിലേന്ത്യാടിസ്ഥാനത്തിൽ വാറ്റ് നടപ്പിലാക്കിയപ്പോൾ സംസ്ഥാന ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാര സമിതിയുടെ ശുപാർശ പ്രകാരം അഖിലേന്ത്യാടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കാണ്. ഇതിലെ അധിക വിലവർദ്ധനയ്ക്കുള്ള നികുതി വേണ്ടെന്നു വച്ചാലും, വിലയിൽ നാമമാത്രമായ കുറവുമാത്രമേ ഉണ്ടാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ